**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.**1628** **12.06.2019 ൽ** മറുപടിക്ക്

**മൂർക്കനാട്ട് മിൽമയുടെ സംസ്കരണ ശാല നിർമ്മാണം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ടി.എ.അഹമ്മദ് കബീർ** | | **എ.സി.മൊയ്തീൻ**<br>**(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ) | മങ്കട മണ്ഡലത്തിലെ മൂർക്കനാട്ട് ഗ്രാമപഞ്ചായത്തിലെ മിൽമയുടെ സംസ്കരണശാല നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; | എ) പൂർത്തിയാക്കിയിട്ടില്ല. |
| ബി) | പ്രസ്തുത ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള പുറമ്പോക്ക് ഭൂമി മിൽമക്ക് നൽകുന്നതിനുള്ള നിയമ സാധുത പരിശോധിച്ച് നിയമ വകുപ്പ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) | ഇത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | സി) & ഡി) മിൽമ സംസ്കരണശാലയ്ക്ക് വിട്ടുകൊടുക്കാൻ ആവശ്യപ്പെട്ടിരിക്കുന്ന ഭൂമി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 218-ാം വകുപ്പ് പ്രകാരം മൂർക്കനാട്ട് ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ പുഴ പുറമ്പോക്കാണ്. ഇത്തരത്തിലുള്ള ഭൂമി കൈമാറ്റം ചെയ്യാൻ വ്യവസ്ഥയില്ലാത്തതാണ്. എന്നാൽ 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 8(1) പ്രകാരം ഒരു പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള പുറമ്പോക്ക് ഭൂമി പാട്ടത്തിന് നൽകാവുന്നതാണ് എന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച ഗ്രാമപഞ്ചായത്തിന്റെ തീരുമാനവും ആവശ്യമായ റിപ്പോർട്ടിന്റെ പകർപ്പുകളും ലഭ്യമാക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് 06/06/2019-ൽ പ്രസ്തുത റിപ്പോർട്ട് സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നു. |
| ഡി) | ഭൂമി കൈമാറ്റം ത്വരിതപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | |

സെക്ഷൻ ഓഫീസർ